## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4557** **13-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ കോളനികളെ ശാക്തീകരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ പട്ടികജാതി കോളനികളുടെ സമഗ്ര വികസനത്തിനായി തെരഞ്ഞെടുക്കുന്ന ഓരോ കോളനിയിലും 1 കോടി രൂപ വീതം ചെലവഴിച്ച് അംബേദ്കർ ഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നു. ഇന്റേണൽ റോഡ്/ഫുട്പാത്ത്, ആശയവിനിമയ സൗകര്യങ്ങൾ, കുടിവെള്ള സൗകര്യങ്ങൾ, വൈദ്യുതീകരണം/വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം, സോളാർ തെരുവ് വിളക്ക്, സാനിറ്റേഷൻ, ഭവനപുനരുദ്ധാരണം, മാലിന്യ നിർമ്മാർജ്ജനം, പൊതുവായ സൗകര്യം മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ), സംരക്ഷണ ഭിത്തി നിർമ്മാണം, ഇറിഗേഷൻ, അടുക്കളത്തോട്ടം, വരുമാനദായക പദ്ധതികളായ മൃഗ സംരക്ഷണം, ഹോർട്ടീകൾച്ചർ, വീവിംഗ്, കരകൗശലം, (വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതി) മുതലായവ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയും കോളനിക്കുള്ളിലെ വൈദ്യുതീകരണം, കുടിവെള്ള വിതരണം എന്നിവയും റോഡുകൾ, സംരക്ഷണ ഭിത്തി, കലുങ്കുകൾ, എന്നിവയുടെ നിർമ്മാണവും, പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്ക് (വിദ്യാഭ്യാസം, സംസ്കാരം, കായികം തുടങ്ങിയവ) ഉതകുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.<br><br>പട്ടികജാതി വിഭാഗങ്ങൾക്കിടയിൽ നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികളെക്കുറിച്ച് ടി വിഭാഗങ്ങൾക്ക് അവബോധം നൽകുന്നതിനായി പട്ടികജാതി പ്രൊമോട്ടർമാരെയും, ക്ഷേമപദ്ധതികളുടെ ഫീൽഡ്തല പ്രയോജന ക്ഷമത |

| | | | |
|---|---|---|---|
| | | | പരിശോധിക്കുന്നതിനും, ദുർബല പുനരധിവാസ പദ്ധതിയുടെ മൈക്രോപ്ലാനിംഗ് ഉൾപ്പെടെയുള്ള വികസന പദ്ധതികളുടെ പ്രവർത്തനത്തിനും മറ്റുമായി 60 കമ്മ്യൂണിറ്റി സോഷ്യൽ വർക്കർമാരെയും നിയമിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്രവികസനത്തിനായി തെരഞ്ഞെടുത്ത ഓരോ കോളനികളിലും ഒരു കോടി രൂപ വീതം ചെലവഴിച്ച് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, കുടിവെള്ള വിതരണ പദ്ധതികൾ, ശുചിത്വ പരിപാടികൾ, നടപ്പാത, നടപ്പാലം മുതലായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമപ്രവർത്തനങ്ങൾ, ജീവനോപാധികളുടെ വിതരണം തുടങ്ങിയവയും ഊരു കൂട്ട ശുപാർശ അനുസരിച്ച് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. കൂടാതെ കോർപ്പസ് ഫണ്ട് മുഖേന കോളനി വികസനത്തിനായി ആവശ്യാനുസരണം റോഡ്/പാലം നിർമ്മാണം, കുടിവെള്ള പദ്ധതി, വൈദ്യുതീകരണം തുടങ്ങിയവയും നടപ്പിലാക്കി വരുന്നു. |
| (ബി) | കോളനികളിലെ കുട്ടികൾ പ്രാഥമിക വിദ്യാഭ്യാസം നേടിയെന്ന് ഉറപ്പുവരുത്താൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി പട്ടികജാതി, പട്ടിക വർഗ്ഗ പ്രൊമോട്ടർമാർ, മെന്റർ ടീച്ചർമാർ എന്നിവരുടെ സഹകരണത്തോടെ എല്ലാ കുട്ടികളെയും സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 'വിദ്യാവാഹിനി' (ഗോത്രസാരഥി) പദ്ധതിയിലൂടെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പത്താം തരംവരെയുള്ള കുട്ടികളെ സ്കൂളുകളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>പ്രീ പ്രൈമറി തലം മുതൽ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുന്നതിനായി പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള നഴ്സറി സ്കൂളുകൾ, കിന്റർഗാർഡൻ, വികാസ് വാടി, ബാലവിജ്ഞാന കേന്ദ്രം, പെരിപ്പറ്റെറ്റിക് സ്കൂൾ എന്നീ പ്രീപ്രൈമറി സ്ഥാപനങ്ങൾ ഏകീകരിച്ച് 'മോഡൽ പ്രീ സ്കൂൾ' എന്നാക്കി നടപ്പ് വർഷം മുതൽ പ്രവർത്തിച്ചു വരുന്നു. |
| (സി) | കോളനിവാസികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി മറ്റ് വകുപ്പുകളുടെ സഹകരണം | (സി) | സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന |

| | | | |
|---|---|---|---|
| | ഉറപ്പവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | വിഹിതത്തിന്റെ 55% പട്ടികജാതി വികസന വകുപ്പ് മുഖേനയും 45% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുമാണ് നിർവ്വഹണം നടത്തുന്നത്. വികേന്ദ്രീകൃത ആസൂത്രണ പദ്ധതിയിലൂടെ തദ്ദേശ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പട്ടികജാതി വികസന ഫണ്ട് പദ്ധതികളുടെ പുരോഗതി അവലോകനം ജില്ലാ കളക്ടർ മെമ്പർ സെക്രട്ടറിയായുള്ള ജില്ലാ ആസൂത്രണ സമിതികളുടെ മേൽനോട്ടത്തിൽ നടന്നു വരുന്നുണ്ട്.<br><br>സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ, സന്നദ്ധ സംഘടനകൾ എന്നിവർ പട്ടികജാതി വിഭാഗക്കാരുടെ വികസനത്തിന് വേണ്ടി തയ്യാറാക്കുന്ന പ്രോജക്ടുകൾ അവരുടെ ധനസഹായ വിഹിതം കൂടി ഉൾപ്പെടുത്തി സംസ്ഥാന ആസൂത്രണ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും, അംഗീകാരം ലഭ്യമാകുന്നവയ്ക്ക് ആവശ്യമായ തുക വകുപ്പിന്റെ പൂൾഡ് ഫണ്ടിൽ നിന്നും അനുവദിക്കുന്നുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ടി.എസ്.പി ഫണ്ട് ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ വകുപ്പിന്റെ പൂൾഡ് ഫണ്ട് മറ്റ് വകുപ്പുകൾ കോളനി നിവാസികളുടെ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചു വരുന്നുണ്ട്. ഇപ്രകാരം വനിതാ ശിശു വികസന വകുപ്പിന് കീഴിൽ അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണവും, വനിതാ ശിശുവികസന വകുപ്പ്, കുടുംബശ്രീ എന്നിവയുമായി സഹകരിച്ച് കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിനായി സഹകരണവകുപ്പുമായി സംയോജിച്ചും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ, പട്ടികവർഗ്ഗ കേന്ദ്രങ്ങളുടെ വൈദ്യുതീകരണത്തിന് കെ.എസ്.ഇ.ബി, അനർട്ട് എന്നിവയുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ